III. സബ്മിഷൻ

(1) കൊക്കകോള കമ്പനി അടച്ചുപൂട്ടാൻ നടപടി

മി. സ്പീക്കർ : ഇതേ ആവശ്യത്തെപ്പറ്റി സർവ്വശ്രീ. ടി. എൻ. പ്രതാപൻ, കെ. സി. വേണുഗോപാൽ, എ. പി. അനിൽകുമാർ, വി. ഡി. സതീശൻ എന്നിവരും നോട്ടീസ് നൽകിയിട്ടുണ്ട്.

ശ്രീ. എ. കെ. ബാലൻ: കേരളാ ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള മലിനീകരണ നിയന്ത്രണ ബോർഡും ഗ്രൗണ്ട് വാട്ടർ അതോറിറ്റിയും കേന്ദ്ര ഗവൺമെന്റ് നിയന്ത്രണത്തിലുള്ള സെന്റർ ഫോർ സയൻസ് ആന്റ് എൻവയോൺമെന്റും തയ്യാറാക്കിയ റിപ്പോർട്ടും അതിനെല്ലാം പുറമേ ബി. ബി. സി.-യിലും വന്ന റിപ്പോർട്ടും ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കൊക്കകോള, പെപ്സി കമ്പനികളിൽനിന്ന് പുറത്തുവിടുന്ന മാലിന്യങ്ങളിൽ അപകടകരമായ വിധത്തിൽ കാഡ്മിയം ഉണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. വിഷലിപ്തമായിട്ടുള്ള പാനീയമാണ് ഇവിടെ കൊടുക്കുന്നത്. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ പത്രസമ്മേളനം നടത്തി ഇന്നലെ ഇത് പ്രഖ്യാപിച്ചു. ധൃതിപിടിച്ച് ഒന്നും ചെയ്യാനില്ല എന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. വളരെ ആശങ്ക ജനങ്ങളിൽ ഉണ്ടാകുകയാണ്. പാർലമെന്റിൽ ഇത്തരം ശീതള പാനീയങ്ങൾ നിരോധിച്ചു.

മി. സ്പീക്കർ : ആര് നിരോധിച്ചു?

ശ്രീ. എ. കെ. ബാലൻ: പത്രത്തിൽ വാർത്ത വന്നു. ഹൗസ് കമ്മിറ്റി ചെയർമാൻ ശ്രീ. ഇ. അഹമ്മദാണ് ഇത് പ്രഖ്യാപിച്ചത്. അതിന് സ്പീക്കർ അനുവാദം കൊടുത്തു. സ്പീക്കറുടെ കൺസെന്റോടുകൂടിയാണ് ഇത് എടുത്തത്. പാർലമെന്റിൽ ഇത്തരം ശീതള പാനീയങ്ങൾ ഇനി കൊടുക്കാൻ പാടില്ലെന്ന് പ്രഖ്യാപിച്ചിരിക്കുകയാണ്. ശക്തമായ നടപടികളെടുക്കുമെന്ന് ആരോഗ്യ മന്ത്രി ശ്രീമതി സുഷമാ സ്വരാജ് പ്രഖ്യാപിച്ചു. ഇന്നലെ മലിനീകരണ നിയന്ത്രണ ബോർഡ് പുറത്തുവിട്ട പരിശോധനാ റിപ്പോർട്ടിൽ ഒരു കിലോഗ്രാം മാലിന്യത്തിൽ 201.8 മില്ലീഗ്രാം കാഡ്മിയം ഉണ്ടെന്ന് കണ്ടെത്തി. ഒരു കിലോഗ്രാം മാലിന്യത്തിൽ 50 മില്ലീഗ്രാമിൽ കൂടുതൽ കാഡ്മിയം ഉണ്ടെങ്കിൽ അപകടകരമാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള മലിനീകരണ നിയന്ത്രണ ബോർഡാണ് മുന്നറിയിപ്പ് നൽകിയത്. ഒരു ദുരന്തം കൂടി വന്നതിനുശേഷം ഇടപെടുന്നതിൽ കാര്യമില്ല. ഇതിൽ ശക്തമായ നിലപാട് എടുക്കണം. മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുവാദം ഇല്ലാതെ ഒരു ഫാക്ടറിയും തുടരാൻ പാടില്ല. ഇത് അടച്ചു പൂട്ടുന്നതിന് നിർദ്ദേശം കൊടുക്കണം. പ്രൊഫഷണലായിട്ടാണ് എൽ. ഡി. എഫ്. അനുവാദം കൊടുത്തത്. പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ ഈ പരാമർശത്തിന്റെ അടിസ്ഥാനത്തിൽത്തന്നെ സുവോ മോട്ടോ ആയി ഇത് അടച്ചു പൂട്ടാം. ബഹുമാനപ്പെട്ട ഗവൺമെന്റ് ഇക്കാര്യത്തിൽ ശക്തമായിട്ടുള്ള നിലപാടെടുക്കണം. തുടരാൻ പറ്റില്ലെന്ന് ഇന്നുതന്നെ നിർദ്ദേശം കൊടുക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവകുപ്പു മന്ത്രി (ശ്രീ. പി. ശങ്കരൻ): ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച പ്രശ്നം വളരെ ഗൗരവമുള്ളതാണ്. ആ ഗൗരവം കണക്കിലെടുത്ത് കൊണ്ട് തന്നെയാണ് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സംഘം ഇവിടെ സന്ദർശനം നടത്തുകയും ഖര പാഴ് വസ്തുക്കളിൽ മാലിന്യം ഉണ്ടെന്ന് കണ്ടെത്തുകയും ചെയ്തത്.

മി. സ്പീക്കർ : കൊക്കകോള പരിശോധിച്ചോ?

ശ്രീ. പി. ശങ്കരൻ: കൊക്കകോള പരിശോധനയ്ക്കെടുത്തിട്ടുണ്ട്. ഒരാഴ്ചക്കുള്ളിൽ റിപ്പോർട്ട് കിട്ടും. നേരത്തെ നടത്തിയ അന്വേഷണത്തിൽ യാതൊരു മാലിന്യവും ഇല്ലെന്ന് തെളിഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് തുടർന്നും നടത്താൻ അനുമതി നൽകിയത്. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഇക്കാര്യത്തിൽ കണ്ടാമിനേഷൻ ഉണ്ടെങ്കിൽ മാത്രമേ നടപടി എടുക്കാൻ സാധിക്കൂ. .....(ബഹളം) ..... അതല്ലെങ്കിൽ ആൾട്രേഷൻ ഉണ്ടെങ്കിൽ ഉൽപ്പാദനവും വിതരണവും നിർത്തിവെയ്ക്കുന്നതിൽ യാതൊരു പ്രയാസവും ഇല്ല. അവരെ സഹായിക്കുന്നതിന് യാതൊരു നിലപാടും ഗവൺമെന്റ് ഭാഗത്തില്ല. ആർക്കെങ്കിലും അത്തരം ആശങ്കയുണ്ടെങ്കിൽ അത് പൂർണ്ണമായും തീർക്കാൻ വേണ്ടിയാണ് ഇക്കാര്യം പറയുന്നത്. ഞാൻ പറയേണ്ട പലകാര്യങ്ങളും ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞു കഴിഞ്ഞു. മലിനീകരണ നിയന്ത്രണ ബോർഡ് സാമ്പിൾ എടുത്ത് പരിശോധിച്ചു. അതിൽ സാധാരണ ഉണ്ടാകുന്നതിനേക്കാൾ നാലിരട്ടി വിഷാംശം ഉണ്ടെന്നു കണ്ടു. അതുകൊണ്ടുതന്നെ ഖര പാഴ് വസ്തുക്കൾ പുറത്തേക്ക് കൊണ്ടുപോകുന്നത് തടയുകയും ഉള്ള വസ്തുക്കൾ അവിടെത്തന്നെ പൂർണ്ണമായി നിമജ്ജനം ചെയ്യണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ യാതൊരു ആശങ്കയ്ക്കും അവകാശമില്ല. ..... ബഹളം.....ബഹളം..... പഞ്ചായത്ത്, പൊല്യൂഷൻ കൺട്രോൾ ബോർഡ്, ഫാക്ടറീസ് ആന്റ് ബോയ്ലേഴ്സ് ഡിപ്പാർട്ടുമെന്റ്, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് എന്നിവയുടെ ക്ലിയറൻസും ഡി. എം. ഒ.-യുടെ ക്ലിയറൻസും കിട്ടിയതിനുശേഷമാണ് ഇവിടെ ഉൽപ്പാദനം തുടങ്ങിയത്. ഇവിടെ ഉൽപ്പാദനം നിർത്തി വയ്ക്കണമെങ്കിൽ പല ക്രമീകരണങ്ങളും പൂർത്തിയാക്കിയതിനു ശേഷം മാത്രമേ പറ്റുകയുള്ളൂ. സർക്കാരിനെ സംബന്ധിച്ചിടത്തോളം ഇത്തരം ആക്ഷേപങ്ങളുടെ അടിസ്ഥാനത്തിൽ ധൃതിപിടിച്ച് നടപടി എടുക്കുകയാണെങ്കിൽ കോടതിയിൽ പോയ്ക്കഴിഞ്ഞാൽ അതിന്റെ നഷ്ടപരിഹാരം പോലും ഗവൺമെന്റ് കൊടുക്കേണ്ടിവരും. അത്തരമൊരു സാഹചര്യത്തിൽ എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കിയതിനുശേഷം മാത്രമേ ഗവൺമെന്റിന് മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ. ഇതിന്റെ സാമ്പിൾ എടുത്ത് പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്. പരിശോധനാ റിപ്പോർട്ട് ഒരാഴ്ചക്കുള്ളിൽ ലഭിക്കും. ഇതിൽ എന്തെങ്കിലും ആൾട്രേഷൻ ഉണ്ടെന്ന് തെളിയുകയാണെങ്കിൽ ആ നിമിഷം ഉൽപ്പാദനം നിർത്തിവെയ്ക്കാൻ കർശനമായ നടപടി സ്വീകരിക്കുകയും ചെയ്യും.

LIBRARY ARCHIVES Kerala Legislative Assembly